DOI: https://doi.org/10.46632/cllrm/4/5/5

Contemporaneity of Language and Literature in the Robotized Millennium
Vol: 4(5), 2022
REST Publisher; ISBN: 978-81-936097-3-6
Website: http://restpublisher.com/book-series/cllrm/

# യാഥാർത്ഥ്യത്തിന്റെ ആദർശാത്മകതയും മനുഷ്യാനന്തര സാമൂഹികതയുടെ സവിശേഷതകളും: വിഎം ദേവദാസിന്റെ പന്നിവേട്ട, ഡിൽഡോ, ചെപ്പും പന്തും എന്നീ നോവലുകളെ ആസ്പദമാക്കി ഒരു അന്വേഷണം

**ജയശ്രീ എസ്**, ഗവേഷക, മലയാളവിഭാഗം
ശ്രീശങ്കരാചാര്യാസംസ്കൃതസർവ്വകലാശാല,കാലടി

മനുഷ്യാനന്തര കാലത്തിന്റെ സങ്കീർണമായ രാഷ്ട്രീയവും ദാർശനികവും സാമൂഹ്യശാസ്ത്രപരവുമായ സമാന്തരങ്ങൾ മനസ്സിലാക്കാനും അതിലേക്ക് സഞ്ചരിക്കാനും തയ്യാറാകുന്നത് കോവിഡനന്തര കാലത്താണ്. എങ്കിലും സാങ്കേതികവിദ്യയുടെയും മേൽനിരീക്ഷണ (surveillance) അധികാര വ്യവസ്ഥയുടെയും ഭൗമരാഷ്ട്രീയത്തിന്റെയും മൃത്യുരാഷ്ട്രീയത്തിന്റെയും അൽഗോരിതങ്ങൾ ഭവശാസ്ത്രപരമായും ജ്ഞാനസിദ്ധാന്തപരമായും അതിനു മുൻപ് തന്നെ സാന്നിധ്യമുറപ്പിച്ചിരുന്നു. മനുഷ്യൻ എന്ന സാമൂഹിക ജീവിവർഗ്ഗത്തിന്റെ അസ്തിത്വത്തെ കുറിച്ചുള്ള നൂതനമായ നോട്ടങ്ങൾക്ക് പിന്നിൽ പാൻഡമിക് വലിയ ചാലക ശക്തിയായി മാറിയെങ്കിലും ക്യാപ്സൂളുകളിൽ ആക്കപ്പെട്ട മനുഷ്യരുടെ ചിന്തകൾ അതിനു മുൻപ് തന്നെ ആരംഭിച്ചതായി കാണാം. ആഗോളീകരണാനന്തരകാലത്ത് വിപണിയുടെ അധികാരവും കരുത്തോടെ അനുഭവപ്പെടുന്നുണ്ട്. പുതിയ മണ്ഡലം, പുതിയ മനുഷ്യർ, അപരിചിതമായ ഭൂപ്രദേശങ്ങൾ, അധികാരത്തിന്റെയും അല്ലലുകളുടെയും ഭാഷ എന്നിവയൊക്കെ സമാന്തരമായ റിപ്പബ്ലിക്കുകളെ സൃഷ്ടിക്കുന്നു. ഈ ചുറ്റുപാടിൽ യാഥാർത്ഥ്യം എന്ന സങ്കൽപ്പനത്തിന്റെ പൊരുൾ അധികാരം, വിപണി, ശരീര, സാമൂഹിക വ്യവസ്ഥകൾ എന്നിവ വഴി ഈ നോവലുകളിൽ എങ്ങനെയെല്ലാം പ്രവർത്തിക്കുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധം. പുതിയ ലോകക്രമത്തിന്റെ സങ്കീർണതകളെ തിരിച്ചറിയാൻ ഇതു നമ്മെ സഹായിക്കുന്നു.

യാഥാർത്ഥ്യത്തിന്റെ വിഭിന്ന കാലങ്ങളിലെ ജീവിതവും റിയാലിറ്റി എന്ന പരിപ്രേക്ഷ്യത്തിന്റെ പരിണാമവും പോലും ഈ ആലോചനകളിൽ കടന്നുവരുന്നുണ്ട്. യാഥാർത്ഥ്യവും കഥയിലെ യാഥാർത്ഥ്യവും തമ്മിലുള്ള താരതമ്യങ്ങൾ മാത്രമല്ല ഇവിടെ പ്രസക്തമാകുന്നത്. യാഥാർത്ഥ്യതലത്തിലെ വാക്യതല ഘടകങ്ങൾ വിനിമയം ചെയ്യുന്നതിലെ പ്രത്യേകതകൾ ആർത്ഥികമായി പരസ്പരം വിനിമയം ചെയ്യുന്നത് സവിശേഷശ്രദ്ധ അർഹിക്കുന്നു. മറുവശത്ത് യാഥാർത്ഥ്യവുമായി ആപേക്ഷിക ബന്ധമുള്ള വിശ്വാസം, ആഗ്രഹം, പരികല്പന, സമാന്തര യാഥാർത്ഥ്യം തുടങ്ങിയ അറിവിന്റെ വിവിധ നിലകളെ കണക്കിലെടുക്കേണ്ടതുണ്ട്. അംശത്തിൽ നിന്ന് സാകല്യത്തിലേക്ക് നീങ്ങുന്ന മെറ്റോണമിയായി പാഠം മാറുന്നു. നോവൽ ബുക്ക് കഥകളുടെ ചെറുപൊതികൾ ഉള്ള നോവൽ ബോക്സ് ആയി പ്രത്യക്ഷപ്പെടുമ്പോൾ യാഥാർത്ഥ്യത്തിന്റെ ലീലാപരതയും സന്നിഹിതമാകുന്നു. ഇതിവൃത്തത്തെ തന്നെ പലതായി പകുത്ത് പല പാരഡൈമുകളിൽ നിന്ന് അവതരിപ്പിക്കുന്നത് കാണാം. ഹൈപ്പർ ടെക്സ്റ്റ് സ്വഭാവമുള്ള രചന അവലംബിച്ചു കൊണ്ട് നോവലിന്റെ ശില്പഘടനയെ അപനിർമ്മിക്കുന്നത് കാണാം. സങ്കീർണമായ സമയത്തിന്റെ ലാബിറിന്തിനെ സ്വീകരിക്കുന്ന ഈ കൃതികൾ കേവലകാലസങ്കല്പത്തെ തള്ളിക്കളയുന്നുണ്ട്.

അതേസമയം ഈ കാലഘട്ടത്തിലും കൃതികൾ ദേശചരിത്രവും രാഷ്ട്രീയവും കൈവിടുന്നില്ല എന്നതും പരിഗണിക്കേണ്ടതുണ്ട്. ഭാവുകത്വഭ്രമേഖലാടയാളങ്ങൾ ഭൗമരാഷ്ട്രീയ പ്രശ്നങ്ങളെ ഉയർത്തിക്കൊണ്ടുവരാനുള്ള സങ്കേതങ്ങളായി ഉപയോഗിക്കപ്പെടുന്നു. ഇതിലൂടെയാണ് കൃതിയുടെ പൊതുരാഷ്ട്രീയബോധത്തെ വളർത്തിക്കൊണ്ടുവരുന്നതും. 'ഇട'ത്തിന്റെ വ്യവഹാരങ്ങൾ കൂടുതൽ പ്രസക്തമാകുമ്പോഴും അവ യാഥാർത്ഥ്യത്തിൽ നിന്ന് അകന്ന് നിൽക്കുകയും വ്യക്തമായ നിർവചനത്തിന് വഴിപ്പെടാതിരിക്കുകയും ചെയ്യുന്നു. അവനവന്റെ ഇടം അവനവൻ തന്നെ രൂപപ്പെടുത്തുന്ന ഉദാഹരണങ്ങൾ നോവലുകളിൽ കാണാം. അതിനാൽ തന്നെ ഇടത്തിന്റെ ജൈവികവും അജൈവികവുമായ അനുഭവങ്ങളും വ്യത്യാസപ്പെടുന്നു. അതനുസരിച്ച് ഇടത്തിൽ പ്രവർത്തിക്കുന്ന

Copyright@ 2022 REST Publisher 

അധികാര വ്യവസ്ഥകളും വേറിട്ട് നിൽക്കുന്നു. എഡ്വേഡ് സോജ മുന്നോട്ടുവയ്ക്കുന്ന മൂന്നാമിടം എന്ന സങ്കൽപനത്തിന്റെ പ്രസക്തി ഇവിടെയേറെയാണ്. യാഥാർത്ഥ്യവും ഭാവനയും ഏകകാലികമായി പ്രത്യക്ഷമാകുന്ന വേറിട്ട ഇടം കൂടിയാണ് മൂന്നാമിടം. എല്ലാവർക്കും എല്ലാ കോണുകളിൽ നിന്നും കാണാൻ സാധിക്കുന്ന, അഭ്യൂഹങ്ങളും മിഥ്യാ ബോധവും പരോക്ഷ സൂചനകളും ഗൂഢമായി വിന്യസിച്ചിരിക്കുന്ന ഈ ഇടത്തെ ഭാവനാതീതമായ പ്രപഞ്ചത്തിന്റെ മാതൃകയായി കണക്കാക്കാവുന്നതാണ്.

യാഥാർത്ഥ്യത്തിന്റെ വിമത പരിസരത്ത് ഒറ്റപ്പെടുന്ന ഒരുവന്റെ സംഘർഷവും ഭീതിയും കമ്പോളം/ മരണം എന്ന ദ്വന്ദ്വത്തിലേക്കാണ് വികസിക്കുന്നത്. മാത്രമല്ല ഇന്ന് മനുഷ്യരുടെ വ്യവഹാരങ്ങളിൽ വലിയൊരു പങ്കുവഹിക്കുന്ന പ്രതീതിയിടങ്ങൾ കൂടുതലായി ചർച്ച ചെയ്യപ്പെടുന്നു. നേരനുഭവങ്ങൾ മങ്ങുകയും പ്രതീതിയനുഭവങ്ങൾ കൂടുതൽ ദീപ്തമാവുകയും ചെയ്യുന്നു. "പ്രതീതിലോകം വഴിയുള്ള സ്വത്വന്വേഷണങ്ങൾ വർത്തമാനകാല ജീവിതത്തിന്റെ സമസ്യകളുമായി ഏറെക്കുറെ സമരസപ്പെട്ടിട്ടുണ്ട്. യഥാർത്ഥ ജീവിതത്തിൽ മനുഷ്യർ പ്രതിനിധീകരിക്കുകയും താല്പര്യമായിരിക്കുകയും ചെയ്യുന്ന വ്യവഹാരങ്ങളുടെ നിറവും നിഴലും പ്രതീതിയിടങ്ങളിലെ ചതുരങ്ങളിലും കാണാം." (2022:11) എന്ന് രാഹുൽ രാധാകൃഷ്ണൻ ഉയിർഭൂപടങ്ങളിൽ അഭിപ്രായപ്പെടുന്നു. യാഥാർത്ഥ്യത്തിന്റെ തൊട്ടുവര (tangent) പോലെ ഈ ഇടങ്ങളുടെ ഭാവഘടനയും രാഷ്ട്രീയവും പൊതുസ്വഭാവവും വർത്തിക്കുന്നു. മുൻപ് തന്നെ സാഹിത്യത്തിൽ അത് ഘടനയിലും ഇതിവൃത്ത സ്വീകാരത്തിലും ഉയരുന്ന സൈദ്ധാന്തിക പ്രശ്നങ്ങളായി അങ്ങിങ്ങു പ്രത്യക്ഷപ്പെട്ട് തുടങ്ങിയിരുന്നു. വി എം ദേവദാസിന്റെ ചെപ്പും പന്തും, ഡിൽഡോ, പന്നിവേട്ട എന്നീ നോവലുകളിൽ ഇതു വെളിവാകുന്നത് എങ്ങനെ എന്ന അന്വേഷണമാണ് ഈ പ്രബന്ധം നടത്തുന്നത്. ചെപ്പും പന്തും എന്ന നോവലിലെ രണ്ട് ഖണ്ഡങ്ങൾ ആധുനികതയുടെയും ആധുനികാനന്തരതയുടെയും കാലഘട്ടങ്ങളെയാണ് യഥാക്രമം പ്രതിനിധീകരിക്കുന്നത് എന്നു പറയുമ്പോഴും മദ്രാസ് അഥവാ ചെന്നൈ എന്ന ഭൂവിഭാഗത്തെ ആവിഷ്കരിക്കുമ്പോൾ പെരിയാറും മറ്റും ഉണ്ടാക്കി എടുത്ത രാഷ്ട്രീയ ബോധം ഒരു ഘട്ടത്തെയും ദളിത് ദ്രാവിഡ മുന്നേറ്റങ്ങൾ രണ്ടാംഘട്ടത്തെയും അടയാളപ്പെടുത്തുന്നു. വിവേചനം അവസാനിപ്പിക്കുന്നതിനെ പറ്റി സംസാരിക്കുമ്പോഴെല്ലാം അത് സാർവലൗകിക മാനവികതയെ ആണ് ലക്ഷ്യമാക്കുന്നത് എന്നാണ് ഇത്ര കാലം നാം മനസ്സിലാക്കിയിട്ടുള്ളതെങ്കിൽ ആധുനിക മനുഷ്യൻ എന്ന സങ്കൽപത്തെ തന്നെ പലനിലയിൽ ചോദ്യംചെയ്യുന്നുണ്ട് ഇവിടെ.

ശാസ്ത്രവും ദേശരാഷ്ട്രവും പുരോഗതിയും വികസനവും പൗരജീവിതവും സ്വാതന്ത്ര്യസമത്വ സാഹോദര്യ ആശയങ്ങളും ശരിക്കും എത്ര കണ്ട് മർത്യപൂജയുടെ ഭാഗമാണെന്ന ചോദ്യം ഈ നോവലുകൾ ഉന്നയിക്കുന്നു. ആധുനിക മനുഷ്യനും അവന്റെ ചിന്തയുമാണ് യഥാർത്ഥമെന്ന വാദത്തെയാണ് ഇത് ഖണ്ഡിക്കാൻ ശ്രമിക്കുന്നത്. മനുഷ്യന് തന്നെ അതിഭ്രമികയാകുന്ന ഇടങ്ങളെ പറ്റിയുള്ള ചർച്ച ഇവിടെ പ്രധാനമാകുന്നു. ഉപജീവനത്തിനായി ഡിൽഡോ വിൽക്കുന്ന പെൺകുട്ടി എന്ന ദുരന്തം ഡിൽഡോ എന്ന നോവലിൽ അവതരിപ്പിക്കുന്നത് ഒരർത്ഥത്തിൽ ഇതുകൂടിയാണ്. 'പന്നിവേട്ട' യാകട്ടെ ഒരു ത്രില്ലർ ആയിരിക്കുമ്പോൾ തന്നെ, ത്രില്ലറിന്റെ വ്യാകരണ നിയമങ്ങളെ മറികടക്കുന്നു. നോവലിൽ ചാവുപന്തയം നടത്താനുള്ള ഗ്യാങ്സ്റ്റർമാരെ കുറിച്ച് വിവരങ്ങൾ ശേഖരിക്കാനായി കൊച്ചിയിൽ എത്തുന്ന റഷ്യക്കാരി അധികാരത്തിന്റെ കേന്ദ്രങ്ങൾ പ്രബലമാവുകയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അയഥാർത്ഥതയോടുള്ള ആഭിമുഖ്യം ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

**ചെപ്പും പന്തും**

വി.എം.ദേവദാസിന്റെ ചെപ്പും പന്തും എന്ന നോവൽ ചെന്നൈ നഗരത്തിൽ രണ്ട് വ്യത്യസ്ത കാലങ്ങളിൽ ജീവിച്ചിരുന്ന ഉബൈദിനെയും മുകുന്ദനെയും കേന്ദ്രീകരിച്ചാണ് വികസിക്കുന്നത്. തിര എന്നു പേരിട്ടിരിക്കുന്ന ഒന്നാം ഭാഗത്തിൽ 1979 മുതൽ 1984 വരെ നീളുന്ന ഉബൈദിന്റെ വാടകത്താമസക്കാലവും തെരഞ്ഞെടുക്കപ്പെട്ടവൻ എന്ന രണ്ടാം ഭാഗത്ത് 2008 മുതൽ 2015 വരെയുള്ള മുകുന്ദന്റെ വാടകത്താമസക്കാലവും പ്രമേയമാകുന്നു.

മദ്രാസ് പോലൊരു മഹാനഗരത്തിൽ കുടിയേറുകയും സ്വന്തം മണ്ണിന്റെ വേരുകളിൽ നിന്ന് പൊട്ടിയകന്നു മാറി ആൾക്കൂട്ടത്തിൽ പെട്ടുപോവുകയും അവിടെ അന്യവൽക്കരിക്കപ്പെടുകയും പട്ടുപോവുകയും ചെയ്യുന്നവരുടെ സന്ദിഗ്ധമായ ജീവിതത്തിന്റെ പരിച്ഛേദമാണ് ഉബൈദും മുകുന്ദനും. "പല കാലങ്ങളിലായി ഒരു വാടകക്കെട്ടിടത്തിൽ താമസിച്ചിരുന്നു എന്നതൊഴിച്ചാൽ അന്യോന്യം മറ്റു ബന്ധങ്ങളൊന്നും തന്നെയില്ലാത്ത, ഒരിക്കൽപോലും നേരിട്ട് കാണുകയോ സംസാരിക്കുകയോ അന്വേഷിക്കുകയോ ചെയ്യാത്ത രണ്ടു മനുഷ്യരുടെ ജീവിതങ്ങൾക്കുമേൽ അദൃശ്യമായ ചില പാരസ്പര്യങ്ങൾ മാന്ത്രികമായി പ്രവർത്തിക്കുന്നു. ഈ നോവലിന് രണ്ടുഭാഗങ്ങളാണുള്ളത്. പ്രധാന

കഥാപാത്രങ്ങളുടെയും അവർക്ക് കൂടെയുള്ളവരുടെയും കഥകളും ഉപകഥകളും പറഞ്ഞുകൊണ്ട് ചിതറിയ കുത്തുകൾക്ക് മേലെ വരച്ച ചിത്രം പൂർത്തിയാക്കുന്ന എഴുത്തുമുറയാണ് ആദ്യ ഭാഗത്തിൽ സ്വീകരിച്ച ശൈലി. പുറമേ നിന്നുകൊണ്ട് ഒരു വാടകക്കെട്ടിടത്തെ, അവിടെ ജീവിക്കുന്നവരെ നോക്കിക്കാണാനുള്ള ശ്രമം. എന്നാൽ ആ വാടകവീടിനകത്ത് താമസിക്കുന്നൊരാളുടെ പുറംകാഴ്ചകളാണ് രണ്ടാം ഭാഗത്തിൽ കടന്നുവരുന്നത്. അതുകൊണ്ടുതന്നെ സമകാല നഗരജീവിതത്തിന്റെ കാഴ്ചവട്ടങ്ങൾ മാത്രം വിവരിച്ചെഴുതുന്ന ആഖ്യാനസമ്പ്രദായമാണ് അതിൽ ഉപയോഗിക്കാൻ ശ്രമിച്ചിട്ടുള്ളത്" എന്ന് നോവലിനെ പറ്റി അതിന്റെ ആമുഖത്തിൽ നോവലിസ്റ്റ് പറയുന്നു. ചിതറി വേറിട്ട കുത്തുകൾക്കു മേലെ വരച്ചുകൊണ്ടാണ് ഇവിടെ യാഥാർത്ഥ്യത്തിന്റെ ചിത്രം സൃഷ്ടിച്ചെടുക്കുന്നത് എന്ന് കാണാം. അതാവട്ടെ, നോവലിന്റെ ആഖ്യാനത്തെക്കുറിച്ചുള്ള പൂർവ്വധാരണകളെ അട്ടിമറിക്കുകയും ചെയ്യുന്നു. ഒറ്റയ്ക്കാവുമ്പോൾ ഉത്കണ്ഠപ്പെടുകയും ആൾക്കൂട്ടത്തെ സങ്കോചം ഒളിപ്പിക്കാനുള്ള മറയാക്കി മാറ്റുകയും ചെയ്യുന്ന മനുഷ്യരുടെയും പാരിസ്ഥിതിക പ്രശ്നങ്ങളും പ്രതിരോധവും ചേർന്ന ആവാസവ്യവസ്ഥയുടെയും വെളിച്ചത്തിൽ വിഭ്രമാത്മകമായ ലോകമാണ് നോവൽ ഒരുക്കുന്നത്. ജീവിതത്തിലെ ആകസ്മികതകളെയും അതിന്റെ ഇന്ദ്രജാലത്തെയും ഫിക്ഷണാലിറ്റിയുടെ പ്രഭാവത്താൽ ചെപ്പും പന്തും പോലെ ചേർത്തുനിർത്തുന്നു.

ഒരു നഗരത്തെ തന്നെ ഇല്ലാതാക്കുന്ന മാജിക് പരിശീലിച്ചാലോ എന്നതിനെക്കുറിച്ച് ആലോചിക്കുന്നു എന്നാണ് നഗരത്തിൽ ഈ മാന്ത്രികൻ എന്തു ചെയ്യുന്നു എന്ന മുകുന്ദന്റെ ചോദ്യത്തിനു ലഭിക്കുന്ന മറുപടി. അതിന്റെ പ്രശ്നങ്ങളായി മാന്ത്രികൻ തന്നെ ഉന്നയിക്കുന്നത് രണ്ടു കാര്യങ്ങളാണ്. നഗരം അപ്രത്യക്ഷമാക്കിയതിനുശേഷം കടന്നുകളഞ്ഞാൽ മാജിക് ഒരിക്കലും പൂർണ്ണമാവില്ല എന്നതും നഗരത്തിൽ ഉള്ളവരാണ് മാജിക്കിന്റെ കാണികൾ എന്നിരിക്കെ അവർ ഉൾപ്പെടെയുള്ള നഗരത്തെ അപ്രത്യക്ഷമാക്കുന്ന വിദ്യ ആരു കാണും എന്നതുമാണവ. അസന്നിഹിതമായത്/ അസന്നിഹിതമാക്കിയത് യാഥാർത്ഥ്യത്തോടേറ്റുമുട്ടുന്ന സന്ദർഭമാണിവ. ഒരാശയത്തിന്റെ, വ്യക്തിയുടെ, സംസ്കാരത്തിന്റെ സ്വീകാര്യമായ നിലനിൽപ്പ് പൊതുമണ്ഡലത്തിലെ അതിന്റെ സാന്നിധ്യവുമായി ബന്ധപ്പെട്ട് നിൽക്കുന്നു എന്ന ആശയത്തിലേക്കാണിത് വിരൽചൂണ്ടുന്നത്. പൊതുവ്യവഹാരങ്ങളിലേക്കുള്ള പ്രവേശനം ബഹുവിധ മാനങ്ങളിലധിഷ്ഠിതമാണ് എന്ന് സൂചിപ്പിക്കുക വഴി അധീശസാംസ്കാരികയുക്തിയും രാഷ്ട്രാധികാര ലഭ്യതയും ജനപ്രിയ പൊതുബോധ സ്വീകാര്യതയും നിർണായകമാണെന്ന് വ്യക്തമാവുകയാണിവിടെ. സമൂഹത്തിലെ വൈരുദ്ധ്യങ്ങളെ ശരിയാംവണ്ണം നിർദ്ധാരണം ചെയ്യേണ്ടതുണ്ട് എന്ന മുന്നറിയിപ്പ് തന്നെയാണ് മാന്ത്രികനിലൂടെ നോവലിസ്റ്റ് നൽകുന്നത്. അതായത് നമ്മുടെ സാമൂഹ്യഭാവനകൾ, ഭാവുകത്വ പരിസരങ്ങൾ എന്നിവ പുനർനിർണയിക്കപ്പെടേണ്ടതുണ്ട്. യാഥാർത്ഥ്യത്തിന്റെ ക്രീഡാപരമായ വിന്യാസത്തിലൂടെ നിരപേക്ഷമായ വിമർശബുദ്ധിയുടെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു. 'ഇന്ദ്രജാലവിദ്യകൾക്ക് രണ്ട് രീതികൾ ഉണ്ട് – രാജമുറയും കാക്കാലമുറയും; ചെപ്പും പന്തും രാജമുറയിലും കാക്കാലമുറയിലും അവതരിപ്പിക്കുന്നത് പ്രകടമായ വ്യത്യാസങ്ങളോടെയായിരിക്കും' എന്നതും യാഥാർത്ഥ്യത്തിന്റെ ഈ മുഖത്തെ തന്നെയാണ് അനാവരണം ചെയ്യുന്നത്.

ഉബൈദ് ചെറുപ്പത്തിൽ മദ്രാസിലേക്ക് ഒളിച്ചോടാൻ ശ്രമിച്ചു പരാജയപ്പെട്ടവനാണ്. പിന്നീടാണ് സേട്ട് വഴി അയാൾ മദ്രാസിൽ എത്തുന്നത്. മദ്രാസിൽ ആയിരിക്കെയും അയാളുടെ മനസ്സിൽ പേർഷ്യ എന്ന സ്വപ്നമുണ്ട്. മുകുന്ദനാകട്ടെ പല നഗരങ്ങളിൽ താമസിച്ചു ജോലി ചെയ്ത ശേഷം ചെന്നൈയിൽ ദീർഘനാൾ ജോലി ചെയ്തിട്ടും കമ്പനിയുടെ നോട്ടീസ് കാലാവധിയിലാണ്. അയാൾ നഗരം ഉപേക്ഷിച്ച് പോകാൻ ഒരുങ്ങുകയാണ്. 'ഇട'ത്തെ യാഥാർത്ഥ്യവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ആലോചനകൾ ഇവിടെ പ്രസക്തമാകുന്നു. നഗരത്തെ സംബന്ധിച്ചിടത്തോളം തന്നെ, കാണുന്ന ഇടവും (perceived space) ബോധതലത്തിൽ അനുഭവിക്കുന്ന ഇടവും (concieved space) തമ്മിലുള്ള അന്തരം പ്രധാനമാണ്. ഇതിലെ കഥാപാത്രങ്ങൾ ഭാവനാഭൂപടങ്ങൾ സങ്കൽപ്പിക്കുകയും അതുവഴി തങ്ങളുടെ അസ്തിത്വം ഉറപ്പിക്കുകയും ചെയ്യാനാണ് പുതിയ ഇടങ്ങളിലേക്കുള്ള പ്രയാണങ്ങൾക്കിടെ ശ്രമിക്കുന്നത് എന്ന് കരുതാവുന്നതാണ്. അതേസമയം, ഇവർ ആയിരിക്കുന്ന യഥാർത്ഥ ലോകത്തേക്കാൾ യഥാർത്ഥമായി, അടുത്തായി വരുന്നത് പ്രതീതിയിടത്തിനു സമാനമായ കൺസീവ്ഡ് സ്പേസ് ആണെന്ന് പറയേണ്ടിവരും. ആഖ്യാനസ്ഥലത്തെ ദൃശ്യപരത, ഓർമ്മ, ഭാവന എന്നിവയെ ചേർത്തുവച്ചുകൊണ്ടുള്ള നിർവഹണമാണ് ഇവിടെ നടക്കുന്നത്. "അപരിചിതത്വത്തിന്റെ സാങ്കല്പികലോകത്തെയും വന്യതയുടെ ഭൂഖണ്ഡങ്ങളെയും ഭ്രമാത്മകതയുടെ ശലഭക്കാഴ്ചകളെയും സന്നിവേശിപ്പിക്കാൻ വേണ്ടി പുതുതായി സൃഷ്ടിക്കുന്ന ഇടങ്ങളെ ആഖ്യാനങ്ങൾ പ്രയോജനപ്പെടുത്തുകയാണ്" (2022:19) എന്ന രാഹുൽ രാധാകൃഷ്ണന്റെ നിരീക്ഷണം ഇതിനു യോജിക്കുന്നു.

കഥപറച്ചിലിന് മാജിക്കിന്റെ രീതിശാസ്ത്രം ഉപയോഗിക്കുന്നത് കാണാം. യാഥാർത്ഥ്യവും മനസ്സും തമ്മിലുള്ള പകിടകളിയായാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്. മാന്ത്രികൻ അവതരിപ്പിക്കുന്ന മാജിക് ഷോകളുടെ പ്രമേയം

പരിശോധിക്കാം. ആദവും ഇന്ദ്രയും ചേർന്ന ആദ്യ ഷോയിൽ സൃഷ്ടിയുടെ, മനുഷ്യോദ്ഭവത്തിന്റെ കഥ പറയുന്നു. രണ്ടാം കളിയിൽ ആയിരത്തൊന്നു രാവുകളിലെ ആലിബാബയുടെയും കാസിമിന്റെയും കഥയും. ഇതിനെക്കുറിച്ച് നോവലിന്റെ പഠനത്തിൽ ഡോ. മനോജ് കുറൂർ ഇങ്ങനെ കുറിക്കുന്നു: "ഇന്ദ്രജാലത്തിലൂടെ പറയുന്ന ഈ കഥകളെ കഥയിലെ യാഥാർത്ഥ്യവുമായി താരതമ്യം ചെയ്യുമ്പോൾ കൽപിത കഥയാണെന്ന് പറയാം. അടിസ്ഥാനതല (യഥാർത്ഥതല)ത്തിലെ വാക്യതലത്തിലെ ഘടകങ്ങൾ (രണ്ടാം ഭാഗത്തിൽ വരുന്ന മുകുന്ദന്റെ കഥ) തമ്മിൽ വിനിമയം ചെയ്യുന്നതുപോലെയല്ല കൽപിത തലത്തിലെ വാക്യതലത്തിലെ ഘടകങ്ങൾ (ജാലവിദ്യക്കാരൻ പറയുന്ന അവതരിപ്പിക്കുന്ന കഥയിലെ) ആർത്ഥികമായി പരസ്പരം വിനിമയം ചെയ്യുന്നത്. യഥാർത്ഥ തലത്തിനുപരിയായി ആർത്ഥിക തലത്തിന്റെ വിശാലമായ തലങ്ങളെ വിനിമയം ചെയ്യാൻ കൽപിത തലത്തിനു കഴിയുന്നു."(2017:259). ഇന്ദ്രജാലത്തിൽ ഉണ്ടാക്കിയെടുക്കുന്ന യുക്തിഭദ്രത പോലും യാഥാർത്ഥ്യത്തിന് ഇല്ലാതെ പോകുന്നതും അതുകൊണ്ടാണെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. സ്ഥലകാലങ്ങൾക്ക് ഞെരുക്കൽ (compression) കൂടി സംഭവിക്കുന്ന പശ്ചാത്തലത്തിൽ യാഥാർത്ഥ്യത്തിന്റെ ആദർശാത്മകതയെ അഴിച്ചു കളഞ്ഞുകൊണ്ട് യാഥാർത്ഥ്യത്തിന്റെ ഭീകരമുഖം ആവിഷ്കരിക്കാനാണ് നോവൽ ശ്രമിക്കുന്നത്.

**ഡിൽഡോ**

ആഖ്യാനത്തിലും ഉള്ളടക്കത്തിലും അവതരണത്തിലുമുൾപ്പെടെ വ്യത്യസ്തതകൾ അവകാശപ്പെടാൻ കഴിയുന്ന നോവലാണ് ഡിൽഡോ. ആറു മരണങ്ങളുടെ പൾപ്പ് ഫിക്ഷൻ പാഠപുസ്തകം എന്ന ഉപ ശീർഷകത്തോടെയുള്ള ഈ നോവൽ ആറധ്യായങ്ങളുള്ള ഒരു പാഠപുസ്തകത്തിന്റെ രൂപത്തിലാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോ അധ്യായത്തിനു ശേഷവും പഠന പ്രവർത്തനങ്ങളും അവയ്ക്കുള്ള സൂചനകളും തയാറാക്കിയിട്ടുണ്ട്. ഈ പാഠപുസ്തകത്തിലെ ആറു പാഠങ്ങളിലും ആറ് ഭിന്നവ്യക്തികൾ അവരവരുടെ കഥകൾ ആഖ്യാനം ചെയ്യുകയാണ്. ആ കഥ പറയുന്നവരിൽ അഞ്ചുപേർ മരിച്ചവരും അവശേഷിക്കുന്നയാൾ അപ്രത്യക്ഷനായ ആളുമാണ്. പത്രവാർത്തകളിൽ നിന്ന് വിരുദ്ധമായി ഓരോരുത്തരും സ്വന്തം കഥ പറയുകയും വാർത്തയും യാഥാർത്ഥ്യവും എത്രമേൽ വിരുദ്ധങ്ങളാണെന്ന് ബോധ്യപ്പെടുത്തുകയുമാണിവിടെ. പ്രത്യേകിച്ചും അവാസ്തവങ്ങളും അർധസത്യങ്ങളും നിറയുന്ന മീഡിയാ ഘോഷങ്ങൾക്കിടെ ജീവിക്കുന്ന വർത്തമാനകാല യാഥാർത്ഥ്യത്തിൽ വാസ്തവം എന്ന സങ്കല്പത്തെ തന്നെ ചോദ്യം ചെയ്യുന്ന സത്യാനന്തരതയെ നോവൽ അനാവരണം ചെയ്യുന്നു. സത്യവും മിഥ്യയും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ അകലം എന്നതിലുപരിയായി അത് യാഥാർത്ഥ്യം, വാസ്തവം എന്നിവയെ ചോദ്യം ചെയ്യുന്നു. ആശയങ്ങൾ അപ്രസക്തമാവുകയും മുൻവിധികളിലൂന്നിയ നിരീക്ഷണങ്ങൾ ശക്തിപ്പെടുകയും ആണ് ചെയ്യുന്നതെന്ന് സൂചന നൽകുന്നു. അപര ചരിത്ര നിർമിതിയുടെ അടയാളങ്ങളാണ് ഈ പാഠപുസ്തകത്തിലുള്ളത്. മാത്രമല്ല ആറുപേരുടെയും മറ്റ് ഉപകഥാപാത്രങ്ങളുടെയും യഥാർത്ഥ – അയഥാർത്ഥ സ്വത്വങ്ങളുടെ സംക്രമണം ഇവിടെ കാണാം. സ്വത്വ വിചാരം കാൽക്കീഴിൽ നിന്നൊലിച്ചു പോവുകയും ഭാഷ മൂകവും ധാരണകൾ സംവേദനരഹിതവുമാകുന്ന പരിസരങ്ങൾ സംജാതമാവുകയും ചെയ്യുന്നു. വസ്തുതകളായി ഉറവിടുന്നതെല്ലാം അയഥാർത്ഥ്യങ്ങളുടെ നീർച്ചാലുകളായി മാറുകയും ചെയ്യുന്നുണ്ട്. നടപ്പു നോവൽ രൂപത്തിന്റെ ശില്പഭദ്രമായ അടരുകളെ കീഴ്മേൽ മറിച്ച് മറ്റൊരു ദിശയിലേക്കോ ദിശയില്ലായ്മയിലേക്കോ നയിക്കുന്ന നോവൽ, സമൂഹത്തിന്റെ അങ്കലാപ്പിനെയാണ് വ്യക്തികളിലൂടെ ആവിഷ്കരിക്കുന്നത്.

ഒറ്റമുലച്ചി എന്ന ആറാം പാഠത്തിൽ 31 ആം തീയതി 31 വയസ്സുള്ള യുവതി 31 അടി ഉയരത്തിൽ നിന്ന് താഴേക്ക് ചാടുകയാണ്. എല്ലാ കണക്കുമൊപ്പിച്ച് ഒരേ പാറ്റേണിൽ നീങ്ങുന്നു എന്ന് നാം കരുതുന്ന വേളയിൽ യാത്രയ്ക്കിടയിൽ താഴേക്ക് പോകുന്തോറും തുറക്കുന്ന ഒരു പുസ്തകമായി അവർ മാറുകയാണ്. താഴേക്ക് പതിക്കുന്തോറും ഗതിക – ഗണിത നിയമങ്ങൾക്ക് അനുസരിച്ച് ശരീരം കൂടുതൽ വേഗത ആർജ്ജിക്കുന്നതിനൊപ്പം കഥ പറച്ചിലിന്റെ താളത്തിനും വ്യതിയാനം സംഭവിക്കുന്നു. വീഴുന്നതിനനുസരിച്ച് കഥയിലെ കാലവും തീയതിയിറക്കങ്ങളിലൂടെ ഒരു ടൈം മെഷീനിൽ എന്നവണ്ണം പുറകോട്ട് സഞ്ചരിക്കുന്നത് കാണാം. അതേസമയം, ഡിൽഡോ വിൽക്കുന്ന പെൺകുട്ടിക്ക് മേൽ ചുമത്തുന്ന ചാർജ്ജുകൾ സെക്ഷൻ 292, 293, 294 എന്നിങ്ങനെ ആരോഹണക്രമത്തിലാണ്. നിശ്ചിത അനുപാതത്തിൽ അല്ലെങ്കിലും ഇമ്മട്ടിലുള്ള ആരോഹണാവരോഹണ ക്രമങ്ങൾ സംഖ്യ എന്ന യാഥാർത്ഥ്യസൂചികയെ തന്നെ അട്ടിമറിക്കുന്നു.

അനുഭവത്തിന്റെ അമൂർത്തമായ ആശയവൽക്കരണത്തെ ഒരു പരിധിവരെ പിൻപറ്റുമ്പോഴും ഉടലെടുത്ത മറ്റൊരു യാഥാർത്ഥ്യ തലമെന്ന നിലയിലാണ് നോവൽ മുന്നോട്ടുപോകുന്നത്. ഡോക്യുഫിക്ഷൻ എന്നോ നോൺഫിഫി എന്നോ വിളിക്കാവുന്നതാണ് കഥാഖ്യാനത്തിലുള്ളടക്കിയ കഥേതരമായ ആഖ്യാനത്തിന്റെ ഈ പുസ്തകം എന്ന വായന സാധ്യമാകുന്നു. കഥ പറയുന്ന ഓരോ വേളയിലും, കുട്ടികൾക്ക് മുത്തശ്ശിക്കഥകൾ പറഞ്ഞുകൊടുക്കുമ്പോഴും

ക്ലാസ്മുറികളിലെ അധ്യയന വേളകളിലും കഥ തീരുമ്പോൾ ഉയർന്നേക്കാവുന്ന "....എന്നിട്ടോ ?" എന്ന അനന്തരം സംബന്ധിച്ച ചോദ്യം ഒഴിവാക്കാനാകണം മരണങ്ങളുടെയും അപ്രത്യക്ഷമാകലുകളുടെയും പാഠപുസ്തകങ്ങൾ രൂപകല്പന ചെയ്യപ്പെടുന്നത്. എന്നാൽ, മരണങ്ങളും അപ്രത്യക്ഷമാകലുകളും ചേർന്ന് ഇല്ലാതാക്കാൻ ശ്രമിച്ച ആ ചോദ്യം ആവർത്തിക്കപ്പെടുന്നു: "....അനന്തരം?" എന്ന മുൻവാക്കാണ് നോവലിസ്റ്റ് നമ്മോട് പറയുന്നത്. യുക്തിഭദ്രമായ ഒരു ചോദ്യമാണ് അതിനുശേഷം എന്തുണ്ടായി എന്നത്. അത് യാഥാർത്ഥ്യവുമായി അടുത്തുനിൽക്കാനുള്ള ശ്രമമാണ്. അതേസമയം, നിർവചനങ്ങളെയും വസ്തുതകളെയും ആധികാരികമായി സമീപിക്കേണ്ടതില്ല എന്ന മുന്നറിയിപ്പും ശ്രദ്ധാർഹമാണ്. അതായത്, യാഥാർത്ഥ്യം ദ്രവരൂപത്തിലാണ് അവശേഷിക്കുന്നത് എന്നുവരുന്നു. പ്രാഥമിക വിവരം, പോലീസ് നിഗമനം, ജീവനക്കാരുടെ കണ്ടെത്തൽ, ഡോക്ടറുടെ വെളിപ്പെടുത്തൽ എന്നിങ്ങനെ ആറു മരണങ്ങളെയും ചൂഴ്ന്നുനിൽക്കുന്നവയെല്ലാംതന്നെ അതിലേക്കാണ് വിരൽചൂണ്ടുന്നത്. സാംസ്കാരികമായ ഒരുതരം കുഴഞ്ഞുമറിഞ്ഞ അവസ്ഥയിൽ, ഒരു ഫ്ലക്സിനകത്താണ് യാഥാർത്ഥ്യമെന്ന് കാണാം.

**പന്നിവേട്ട**

വി.എം. ദേവദാസിന്റെ രണ്ടാമത്തെ നോവലാണ് പന്നിവേട്ട. കൊച്ചിയിലെ അധോലോക സംഘത്തെ മുൻനിർത്തിയാണ് നോവൽ വികസിക്കുന്നത്. ഏതോ അധോലോക സംഘത്തിൽ നിന്ന് ഒറ്റപ്പെട്ടുപോകുന്ന ഒരുവന്റെ ഭീതിയും സംഘർഷവും ഉൾക്കൊണ്ടുകൊണ്ടാണ് നോവൽ രചിക്കപ്പെട്ടിട്ടുള്ളത്. കമ്പോളം/ മരണങ്ങൾ എന്ന പ്രമേയത്തെ ആധാരമാക്കിയുള്ള പരമ്പരയിലെ രണ്ടാമത്തെ സൃഷ്ടിയാണിത്. "വിശപ്പ്, ലൈംഗികത തുടങ്ങിയ പ്രാഥമികചോദനകളെപ്പോലെതന്നെ മനുഷ്യകുലമാകെ ഒറ്റയ്ക്കോ സംഘമായോ ഏർപ്പെടുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട മാനസിക തലങ്ങളെ നേരിട്ട് പരിചയമുള്ള ആളുകളിലേക്കും ഇടങ്ങളിലേക്കും ചരിത്രത്തിലേക്ക് എല്ലാം കൊണ്ടെത്തിക്കാനുള്ള ശ്രമമായിരുന്നു പന്നിവേട്ട" എന്ന് നോവലിസ്റ്റ് അവകാശപ്പെടുന്നു. കൊച്ചിയിൽ ആരംഭിക്കുന്ന ഇൻഫോസിറ്റി എന്ന ഇൻഡസ്ട്രിയൽ ക്യാമ്പസിൽ എത്തുന്ന കമ്പനിക്കുവേണ്ടി ചാവുപന്തയം നടത്താനുള്ള ഗ്യാങ്സ്റ്റർമാരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനും പന്തയം നടത്താനുമായി റഷ്യയിൽ ജനിച്ച് അമേരിക്കയിലേക്ക് കുടിയേറിയ ഗ്രൂഷെ എന്ന ജൂതവംശജ കൊച്ചിയിൽ എത്തുന്നതും ഗ്യാങ്സ്റ്റർമാരുടെ ജീവിതകഥകൾ ശേഖരിക്കുന്നതും ഗ്യാങ് വാർ സംഘടിപ്പിക്കുന്നതും ആണ് പന്നിവേട്ട എന്ന നോവലിന്റെ ഇതിവൃത്തം. റഷ്യൻ റൂലെറ്റ് എന്ന ചാവുപന്തയം നടത്താനാണ് കമ്പനി തീരുമാനം. ഗ്രൂഷെക്ക് വേണ്ടത് ഒരു കഥയാണ്. ആ കഥയുടെ തുടക്കം കേൾക്കാൻ അവൾ തെരഞ്ഞെടുക്കുന്നത് ഷെയ്ക്ക് മുസാഫിറിന്റെ ആഖ്യാനത്തെയാണ്. കാരണം, പ്രണയ പരാജയം സംഭവിച്ച തെരുവുഗുണ്ടയുടെ വെറുമൊരു സാഹസിക കഥയോ പ്രവാചകരുടെ ചെടിപ്പിക്കുന്ന ഭാഷയോ കാല്പനികമായ രതിവർണ്ണനകളോ തോക്കും തിരയും രതിയും ചതിയും മദ്യവും മാത്രമുള്ള ഒരു മൂന്നാംകിട പൈങ്കിളി ചലച്ചിത്രത്തിന്റെ സ്ക്രിപ്റ്റോ സ്റ്റേഷൻ ക്രൈം റജിസ്റ്റർ റെക്കോർഡിലെ വിരസമായ ഏതാനും താളുകളോ വിടവുകളാൽ ചിതറിയ ചിലതോ ബാറ്റ്മാനെ നഷ്ടപ്പെട്ട ഗോതം നഗരത്തിന്റേതുപോലെ ഫാൻറസി നിറഞ്ഞ ഒരു നഗരവിവരണമോ ആയി മാറരുത് ഈ കഥയെന്ന് ഗ്രൂഷേക്ക് നിർബന്ധമുണ്ട്. അയാളിൽനിന്ന് കഥ തുടങ്ങുന്നതിന്റെ പ്രത്യാഘാതങ്ങളെ പറ്റി ചിന്തിക്കുന്നുണ്ടെങ്കിലും മലയാളിയുടെ വിമത ചരിത്ര ജീവിതത്തിന്റെ തുടർച്ച ഷേക്ക് മുസാഫിർ ആരംഭിക്കുന്ന കഥയിലുണ്ട്.

എഴുപതുകളിൽ കോഴിക്കോട്ടെ എൻജിനീയറിങ് കോളേജിൽ പഠിച്ചിരുന്നവനാണ് മുസാഫിർ. ഷേക്സ്പിയറിന്റെ ഉദ്ധരണികളും സോണറ്റുകളും ചൊല്ലി നടന്നിരുന്ന മുസാഫിർ അടിയന്തരാവസ്ഥയുടെ തുടക്കത്തിൽ ഇന്ദിരാ പ്രിയദർശിനിക്കെതിരെയുള്ള സമരാഹ്വാന പോസ്റ്ററുകൾ ഉണ്ടാക്കുകയും കോളേജിലും മറ്റും പതിക്കുകയും ചെയ്യുന്നതോടെ പോലീസ് പിടിയിലാകുന്നു. അന്നത്തെ ഇന്ത്യയുടെ ഇരുണ്ട രാഷ്ട്രീയ പരിസരങ്ങളിലേക്ക് അയാൾ ഉൾപ്പെടെ അനേകം യുവാക്കൾ കണ്ണിചേർക്കപ്പെടുന്ന സന്ദർഭമായിരുന്നു അത്. രാഷ്ട്രീയ തടവുകാരനായി ജയിലിൽ കഴിഞ്ഞ ശേഷം ജയിൽ മോചിതൻ ആകുന്ന അയാൾ പിന്നീട് നിരവധി ജനകീയ സമരങ്ങളിൽ അണിചേരുന്നുണ്ട്. അതിന്റെ നേതൃപദവികളിൽ ഒക്കെ എത്തുന്ന അയാൾ പിന്നീട് ഒറ്റപ്പെടുകയും കൊച്ചിയിലെ അധോലോകങ്ങൾക്കെതിരെ പ്രവർത്തിച്ചിരുന്നെങ്കിലും ക്രമേണ അധോലോക സംഘങ്ങളുടെ ഭാഗമായി ഗുണ്ടാ പ്രവർത്തനങ്ങളിലേക്ക് വരികയും ചെയ്യുന്നു.

ഷേക്ക് മുസാഫിർ കോഴിപ്പുറത്തുകാരനായിരുന്നു. കോഴിക്കോട്ടും മലപ്പുറവും ചേർന്നതാണ് തന്റെ നാട് എന്ന് സ്വയം കളിയാക്കി ബോറൻ തമാശ പറഞ്ഞു നടന്നിരുന്നു അയാൾ. ഒരു മനുഷ്യായുസ്സ് മുഴുവൻ അനുഭവിക്കാൻ പോന്ന അത്രയും വേദനകൾ മർദ്ദനങ്ങളിൽ അയാൾക്ക് കിട്ടിയിരുന്നു. അയാളുടെ പതിപ്പായാണ് ഗ്രൂഷേ സ്വയം തിരിച്ചറിഞ്ഞത്. അവൾ റഷ്യക്കാരിയായ ജൂത വംശജയാണ്. ചിത്രകാരനായിരുന്നു അവളുടെ പിതാവ്. എന്നാൽ സോവിയറ്റ് യൂണിയന്റെ

Copyright@ REST Publisher 

പതനത്തോടെ അവളുടെ പിതാവ് ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ പെയിന്റിംഗ് ഉപേക്ഷിച്ച് ഗ്യാങ്സ്റ്റർ ആയി. മഞ്ഞുവീണ് തണുത്തിരുണ്ട രാത്രികളിൽ റഷ്യൻ തെരുവുകളിലെ രഹസ്യ സങ്കേതങ്ങളിൽ അയാളുടെ റഷ്യൻ റൂലെറ്റ് എന്ന് പേരുള്ള പന്തയ വെടിവെപ്പ് ഒരുക്കാൻ സഹായിച്ചു. ഒരു ദിവസം പന്തയ വെടിവെപ്പിൽ ഒരാൾ കുറവായതിനാൽ മത്സരം ഉപേക്ഷിക്കും എന്ന ഘട്ടത്തിൽ ഗ്രൂഷെയുടെ പപ്പ അതിലെ പങ്കാളിയായി. റൂലെറ്റിന്റെ ആദ്യ റൗണ്ടിൽ തന്നെ അയാൾ വെടിയേറ്റു വീണു. അതിനുശേഷം പതിമൂന്നുകാരിയായ ഗ്രൂഷേയോടൊപ്പം അമ്മ അമേരിക്കയിലെത്തി. ന്യൂയോർക്ക് തെരുവിൽ മണിക്കൂറുകൾക്കോ രതി എണ്ണങ്ങൾക്കോ വിലപറയുന്ന വെറുമൊരു തെരുവ് വേശ്യയായി മാറി.

വെളുത്തവരെ സ്നേഹിച്ച തനി അമേരിക്കക്കാരിയായി ജീവിക്കാൻ ഗ്രൂഷെ ആഗ്രഹിച്ചു. ഡ്രാഗൺ എന്ന് വിളിപ്പേരുണ്ടായിരുന്ന, പതിമൂന്നു റൂലെറ്റുകളിൽ പങ്കെടുത്ത് പന്തയ വിജയിയുമായിരുന്ന ഒരു ഗ്യാങ്സ്റ്ററുടെ മകളാണ് താൻ എന്ന് പറഞ്ഞുനടന്നു. പക്ഷേ തന്റെ ഭൂതകാലം മായ്ക്കുകയോ പുനർനിർമിക്കുകയോ ചെയ്യാൻ അവൾക്ക് സാധിച്ചിരുന്നില്ല. ഡ്രാഗണുകളുടെ ചിത്രത്തെ പോലും അകാരണമായി ഭയപ്പെടുന്ന, ഫാമിലി ഫോട്ടോകളിൽ നിന്ന് പപ്പയെ എഡിറ്റ് ചെയ്ത് നീക്കി പേടിയെ മറികടക്കാനും ശ്രമിക്കുന്ന ഗ്രൂഷെ പന്തയത്തിൽ ഉൾപ്പെടെ മുസാഫിറിന്റെ പക്ഷം പിടിക്കാൻ ആഗ്രഹിക്കുന്നുണ്ട്.

മുസാഫിറിനൊപ്പം ചാവുപന്തയത്തിൽ പങ്കെടുക്കുന്ന ലോതർ, ഗെറ്റോ, മുസ്തഫ, ആറുമുഖൻ, ബാപ്പു, പന്തയക്കളമൊഴിയുന്ന സതീശൻ, മറ്റു കഥാപാത്രങ്ങൾ എന്നിവരെല്ലാം ചരിത്രത്തിന്റെ ഭാരം ചുമക്കുന്നവരാണ്. അടിയന്തരാവസ്ഥക്കാലത്ത് പോലീസിന്റെ ഭാഗമായിരിക്കെ മർദ്ദനമുറകൾ നടപ്പാക്കുകയും പിന്നീട് രാഷ്ട്രീയക്കാർക്കും വ്യവസായികൾക്കും വേണ്ടി ദല്ലാളായി പ്രവർത്തിക്കുകയും ചെയ്യുന്ന ബാപ്പുവാണ് നോവലിൽ പന്നിവേട്ടയുടെ കഥ അവതരിപ്പിക്കുന്നത്. ചാവുപന്തയത്തിലേക്ക് എത്തുന്ന ഗ്യാങ്സ്റ്റർമാരെ സൂചിപ്പിക്കാനാണ് ബാപ്പു പന്നിവേട്ടയുടെ കഥ പറയുന്നത്. പന്നിവേട്ട ഒരു രൂപകമാണ്. പന്നിയെ വേട്ടയാടാൻ പോകുമ്പോൾ ഒപ്പം കൂട്ടുന്ന തെരുവുനായ്ക്കളുടെ സ്ഥാനമാണ് ഗുണ്ടകൾക്ക് എന്ന പരാമർശം നോവലിൽ ഉണ്ട്. വേട്ടയാടപ്പെട്ട പന്നിയുടെ അറുത്തു മാറ്റിയ തലയും വാലും കുടലും ആണ് വേട്ടനായ്ക്കൾക്കുള്ള കൂലി. മറ്റാർക്കോ വേണ്ടി കൊല്ലാനും ചാവാനും നിൽക്കുന്ന ഗുണ്ടാജീവിതത്തിന്റെ ദുരന്തം ചാവുപന്തയത്തിൽ പൂർത്തിയാകുന്നു എന്നതാണ് വാസ്തവം. "നിയമവ്യവസ്ഥ കുറ്റവാളിയുടെ ശരീരവുമായാണ്, കുറ്റകൃത്യത്തിന്റെ മൂർത്തമായ യാഥാർത്ഥ്യങ്ങളുമായാണ് നേരിട്ട് സംവാദത്തിലേർപ്പെടുന്നത്. കുറ്റവാളിയുടെ മാനസിക യാഥാർത്ഥ്യങ്ങളെ അത് മിക്കപ്പോഴും സംബോധന ചെയ്യുന്നില്ല. ഒരു മനോവിശ്ലേഷകൻ എന്നതുപോലെ ഈ എഴുത്തുകാരനും അന്വേഷിക്കുന്നത് ആ മനോനിലകളെ നിർണയിച്ച ജീവിതസാഹചര്യങ്ങളെയാണ്. മനോവിശ്ലേഷണം കുറ്റകൃത്യത്തിന്റെ യാഥാർത്ഥ്യത്തെ അപനിർമിക്കുകയാണെങ്കിൽ അത് കുറ്റവാളിയെ അപമാനവീകരിക്കുകയല്ല എന്ന് ഴാക്ക് ലക്കാൻ പറയുന്നതോർക്കാം. കുറ്റകൃത്യത്തെ സംബന്ധിച്ച നിയമപരമായി തെളിയിക്കപ്പെട്ട യാഥാർത്ഥ്യമല്ല കുറ്റവാളിയുടെ അബോധത്തിന്റെ യാഥാർത്ഥ്യമെന്നാണല്ലോ മനോവിശ്ലേഷകർ പരിഗണിക്കുന്നത്. അവർക്ക് കുറ്റവാളിയിലുള്ള ഈഡിപ്പസ് കോംപ്ലക്സിന്റെ സംഭാവ്യമായ സ്വാധീനങ്ങളുടെ കുമ്പസാരമാണ് കുറ്റകൃത്യം." (2018:190) എന്ന് മനോജ് കുറൂർ നോവലിനെ പറ്റി സൂചിപ്പിക്കുന്നു.

ജൂതത്തമാശകൾ ആസ്വദിച്ച് ഭയത്തെ മറികടക്കുന്ന ജൂതയായ ഗ്രൂഷെ ഓഫീസിലെ വാക്രോ കാളുമായി പ്രണയത്തിൽ ആണെന്ന് മാത്രമല്ല, ഗർഭിണി കൂടിയാണ്. എന്നാൽ, ഗർഭിണിയാണെന്ന കാര്യം അവൾ മറച്ചുവെച്ചതായി സ്വയം വിശ്വസിച്ചു. പക്ഷേ, ഈ ലോകത്തിൽ ആർക്കും രഹസ്യങ്ങൾ ഇല്ല എന്ന സർവൈലൻസ് സംഹിത അനുസരിച്ച് അവൾ ഇന്ത്യയിലേക്ക് തിരിക്കും മുൻപ് തന്നെ കമ്പനി നടത്തിയ മെഡിക്കൽ ചെക്കപ്പിലൂടെ കാളും കമ്പനിയുമെല്ലാം അക്കാര്യം അറിഞ്ഞിരുന്നു. ഇന്ത്യയിലെ ചാവുപന്തയം വിജയകരമാക്കി തിരിച്ചുചെന്നാൽ മൊളൊട്ടോവ് കോക്ക്ടെയിലും ചെർണോബിൽ കൂൺ കറിയും വിളമ്പുന്ന പാർട്ടി സംഘടിപ്പിക്കുമെന്നാണ് കാൾ പറയുന്നത്. മൊളൊട്ടോവ് കോക്ക്ടെയിൽ എന്നാൽ പെട്രോൾബോംബും ചെർണോബിൽ കൂൺ ആണവദുരന്തത്തിന്റെ ഉഗ്രവിഷാംശവുമാണ് എന്നറിയുമ്പോഴേ അതിന്റെ രൂക്ഷത മനസ്സിലാവൂ. കമ്പനി ആസൂത്രണം ചെയ്തതായിരുന്നു കാളിന്റെ പ്രണയനാടകം പോലും. എല്ലാം കമ്പനി ആസൂത്രണം ചെയ്തതാണ് എന്ന് തിരിച്ചറിഞ്ഞു കഴിയുമ്പോഴും ആ വൈകിയ വേളയിൽ അവൾക്ക് ഒരു ഒറ്റുകാരിയുടെ വേഷം പോലും അണിയാൻ സാധ്യമാവുന്നില്ല. കമ്പനിക്കുവേണ്ടി അവൾ നഗരത്തിൽ വിരിച്ച വലക്കണ്ണികൾ അവളെയും കുരുക്കിലാക്കിയിരിക്കുന്നു. കൊല്ലപ്പെടേണ്ടവരും ചാകേണ്ടവരും രക്ഷപ്പെടേണ്ടവരും അകപ്പെടേണ്ടവരും കണ്ടുനിൽക്കേണ്ട വരുമെല്ലാം ഈ കളിയിൽ നേരത്തെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. കമ്പനിയുടെ മുന്നറിയിപ്പുകളെ തള്ളിക്കളഞ്ഞ് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നതെങ്കിൽ ചരിത്രത്തിൽ ഗ്രൂഷെയും അവളുടെ പപ്പയും അമ്മയും എല്ലാം സോവിയറ്റ് യൂണിയൻ തകർച്ചയെ തുടർന്നുണ്ടായ കലാപത്തിൽ മരിച്ചുപോയ മൂന്നുപേർ മാത്രമായിരിക്കും എന്ന ഭീഷണിയാണ് കമ്പനി ഉയർത്തുന്നത്. അവിടെനിന്ന്

Copyright@ REST Publisher

ഇരുപത്തിയൊൻപതു വയസ്സ് വരെയുള്ള അവളുടെ ജീവിതം കമ്പനി നൽകിയ വെറും ബോണസ് മാത്രമായി തീരുമത്രേ. ആ അവസ്ഥയിൽ തന്റെ ഉദരത്തെ തലോടി ഡോരമിഫയുടെ പേപ്പർ കുറിപ്പുകളിലെ പോലെ – യഹോവയെ ചീത്ത വിളിക്കുന്ന മറിയമാണ് താനെന്ന് താദാത്മ്യം പ്രാപിക്കാൻ മാത്രമേ അവൾക്ക് കഴിയുന്നുള്ളൂ.

ഗുണ്ടാസംഘാംഗങ്ങൾ ആണെങ്കിൽ കൂടി അവർക്കുള്ളതായി നേരത്തെ പറഞ്ഞ സാമൂഹിക ചരിത്ര ജീവിതത്തിന്റെ അടരുകൾ കമ്പനിയുടെ കണ്ണിലില്ല. അവരെ സംബന്ധിച്ചിടത്തോളം, പോലീസിനും സംഘങ്ങൾക്കും ഇടനിലക്കാരനായ ബാപ്പുവും ഭ്രാന്തനാണോ അല്ലയോ എന്ന് തീർച്ചയില്ലാത്ത മുസാഫിറും ചീട്ടുപെട്ടിയിലെ ജോക്കറിനെ പോലെയുള്ള ആറുമുഖനും സംഘനേതൃത്വത്തിനായി എന്തും ചെയ്യാൻ മടിക്കാത്ത സതീശനും ഇതുവരെ പ്രത്യക്ഷപ്പെടുക പോലും ചെയ്യാത്തത്ര നിഗൂഢത കൈയാളുന്ന മുസ്തഫയും ചുട്ടുപഴുത്ത സോൾഡറിങ് അയൺ ആയി മറഞ്ഞിരിക്കുന്ന ഗെറ്റോയും ആയുധങ്ങൾ നൽകുന്ന ലോതറും നഗരത്തെ കൂട്ടിക്കൊടുക്കുന്ന ഉണ്ണിയും ഇവരെയൊക്കെ കമ്പനിയുമായി ബന്ധിപ്പിക്കുന്ന ബാലകൃഷ്ണൻ നമ്പ്യാരും മാത്രമാണ് എല്ലാവരും. കൊച്ചിയിലെ ഗുണ്ടാസംഘങ്ങളുടെ വളർച്ചയുടെ ചരിത്രം പോലും ഇവിടെ അപ്രസക്തമാകുന്നു. യഥാർത്ഥത്തിൽ വാണിജ്യനഗരം ആയിരുന്ന കൊച്ചിയിൽ കള്ളക്കടത്തിൽ ഏർപ്പെട്ടിരുന്ന ഗുണ്ടാസംഘങ്ങളുടെ ഒന്നാം തലമുറ, കൊച്ചി വിനോദസഞ്ചാര മേഖലയായതോടെ രൂപപ്പെട്ട രണ്ടാം തലമുറ, വ്യവസായങ്ങൾ വളർന്നതോടെ വളർന്നുവന്ന മൂന്നാം തലമുറ എന്നിങ്ങനെ നെറികേടിന്റെ ചരിത്രമാണെങ്കിൽ കൂടി തലമുറകളുടെ പരിണാമത്തിനൊപ്പം അത് വളർന്നുവന്നിരുന്നു. ചുറ്റുപാടുകളെ ആകെ അവിശ്വസിക്കേണ്ടി വരുന്ന ഒരു ജീവിതകാലത്ത് അടുത്തുനിൽക്കുന്നവരിൽ ആരാണ് ഗ്യാങ്സ്റ്റർ എന്ന് ചിലപ്പോഴെങ്കിലും സംശയിച്ചേക്കും എന്ന അവസ്ഥയിലേക്ക് ലോകക്രമം മാറുന്നതിനെ ഇവിടെ ആവിഷ്കരിക്കുന്നു. വ്യവസ്ഥാപിതമായ പൊതുസമൂഹത്തിന്റെ സദാചാരപരമായ നേരിയ ശീലകൾ എടുത്തുമാറ്റിയാൽ പെട്ടെന്ന് തന്നെ വെളിപ്പെടുന്ന ജീവിതത്തിന്റെ വന്യതകൾ സമകാലിക കലയിലെ പ്രധാന പ്രമേയമാണ് എന്നത് ഈ നോവലിനെ സംബന്ധിച്ചിടത്തോളം സത്യമായിത്തീരുന്നു. ഇവിടെ യാഥാർത്ഥ്യമെന്നത് പിടഞ്ഞോടുന്ന ഒരു പന്നിയെ പോലെയോ അത്രപോലും വിലയില്ലാത്ത ഒരു മനുഷ്യജന്മം പോലെയോ ഒരു ചാവുപന്തയത്തിൽ എപ്പോൾ വേണമെങ്കിലും വെടിയേറ്റു വീഴാവുന്ന, ആദ്യ റൗണ്ടിൽ തന്നെ വേണമെങ്കിലും മരണത്തിലൂടെ കളമൊഴിഞ്ഞു പോകാൻ സാധ്യതയുള്ള ഒന്നായിത്തീരുന്നു.

പരമ്പരാഗതമോ രേഖീയമോ ആയ ആഖ്യാന ഘടനയോ അത്തരത്തിലുള്ള കഥാപാത്ര വികാസമോ ഈ നോവൽ ഒന്നും തന്നെ പിന്തുടരുന്നില്ല. സാഹിത്യപരതയുടെ പതിവ് ശീലങ്ങളെ അത് പരിഹസിക്കുകയാണ്. മാനവികതാവാദവും ജ്ഞാനോദയവും ക്രമം നൽകിയ യുക്തിയെ യാഥാർത്ഥ്യത്തിൽ നിന്ന് വേർപെടുത്തിക്കൊണ്ട് രണ്ടുകാര്യങ്ങളെ അവ ചോദ്യം ചെയ്യുന്നു. ഒന്ന് യാഥാർത്ഥ്യത്തിന്റെ പ്രാമാണികത. മറ്റൊന്ന് ഭാഷയിലൂടെ നിർമ്മിക്കപ്പെടുന്നതാണ് യാഥാർത്ഥ്യമെന്ന നിർമ്മിതിവാദം. ഈ നിർമ്മിതിവാദത്തെ മനസ്സിലാക്കാൻ വിവിധ സാംസ്കാരിക ബലതന്ത്രങ്ങളെയാണ് നോക്കിക്കാണേണ്ടത് എന്ന് വരുമ്പോൾ അതിന് സ്വന്തം സമ്പ്രദായങ്ങളുടെ തന്നെ അതിരുകൾ ലംഘിക്കേണ്ടതായി വരുന്നത് തിരിച്ചറിയപ്പെടുന്നു. അങ്ങനെ യാഥാർത്ഥ്യത്തിന്റെ ആദർശാത്മകതയെ ചോദ്യം ചെയ്യുക വഴി മനുഷ്യൻ എന്ന കേന്ദ്രം വിഘടിപ്പിക്കപ്പെടുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുകയാണ് ഈ നോവലുകൾ ചെയ്യുന്നത്.

മനുഷ്യാനന്തര സാമൂഹികതയുടെ ചില സവിശേഷതകൾ സാങ്കേതികവിദ്യയുടെ രൂപത്തിൽ, മേൽ നിരീക്ഷണ മുതലാളിത്തത്തിന്റെ കടന്നുകയറ്റങ്ങളുടെ രൂപത്തിൽ, അധികാര ഇടപെടലുകളുടെ ഹത്യാധികാരത്തിന്റെ രൂപത്തിൽ, സിവിൽ സമൂഹത്തിന്റെ ഉൾവലിയലുകളുടെ രൂപത്തിൽ ആപത്കരമായ ഭാവങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് വ്യക്തമാകുന്നു. മനുഷ്യാനന്തര സംസ്കാരത്തെ കുറിച്ചുള്ള വ്യാകുലതകളും അത് സൃഷ്ടിക്കാൻ ഇടയുള്ള വലിയ അസമത്വങ്ങളെ കുറിച്ചുള്ള ആശങ്കകളും അവഗണിക്കാൻ കഴിയുന്നതല്ല എന്ന് ഈ നോവലുകൾ പറഞ്ഞുവയ്ക്കുന്നു. അനിവാര്യമായ ഈ പരിവർത്തനം ആധുനിക/ ഉത്തരാധുനിക മനുഷ്യനെ സങ്കീർണമായ ദാർശനിക സമസ്യയാക്കി മാറ്റിയിരിക്കുന്നു. യന്ത്രവും മനുഷ്യനും ചേരുന്ന സൈബോർഗിയൻ മനുഷ്യാനന്തര സങ്കല്പത്തിലേക്ക് ലോകം കടന്നതിന്റെ സൂചനകൾ കാണാം. ജ്ഞാനോദയവും മുതലാളിത്തവും സത്താ വൽക്കരിച്ച പഴയ മനുഷ്യൻ സ്വന്തം ദാർശനിക ബാധ്യതകൾ ഉരിഞ്ഞു കളഞ്ഞുകൊണ്ട് മറ്റൊരാളായി മാറുന്നത് ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

## ഗ്രന്ഥസൂചി

ഉണ്ണി ആമപാറയ്ക്കൽ (എഡി.), 2021, പുതിയ കാലം പുതിയ നോവൽ, പാവനാത്മ പബ്ലിഷേഴ്സ്, കോഴിക്കോട്.

ദേവദാസ് വി എം, 2009, ഡിൽഡോ, ലോഗോസ് ബുക്സ്, പാലക്കാട്.

ദേവദാസ് വി എം, 2017, ചെപ്പും പന്തും, ഡിസി ബുക്സ്, കോട്ടയം.

Copyright@ REST Publisher

ദേവദാസ് വി എം, 2018, പന്നിവേട്ട, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

രാഹുൽ രാധാകൃഷ്ണൻ, 2022, ഉയിർഭൂപടങ്ങൾ, ഡിസി ബുക്സ്, കോട്ടയം.

ശ്രീകുമാർ ടി ടി, 2021, പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ, പുസ്തക പ്രസാധന സംഘം, കോഴിക്കോട്.

സുധാകരൻ സി ബി(എഡി.), 2021, സത്യാനന്തര കാലവും കലയും, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ.